## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 592** **6.3.2012-ൽ മറുപടിക്ക്**

### മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാലോട് രവി:<br>'' എ.റ്റി.ജോർജ്:<br>'' വി.പി.സജീന്ദ്രൻ:<br>'' ലൂഡി ലൂയിസ്: | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ നഗരങ്ങളിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുവാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) നിലവിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പുനരുദ്ധാരണത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകുന്നതിനോടൊപ്പം പ്ളാന്റുകളുടെ ശേഷി വർദ്ധിപ്പിക്കൽ, സൈഡ് നെറ്റ്, യന്ത്രവൽക്കരണം, ലീച്ചേറ്റ് സംവിധാനം, ബയോഗ്യാസ്പ്ളാന്റ്, തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന ഘടകങ്ങളും മതിപ്പ് ചെലവും പ്രവർത്തി പരിപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഉൾപ്പെടുത്തിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 13.02.2008 ൽ സർക്കാർ വിജ്ഞാപനം ചെയ്തിരുന്നു. ആയത് 01.03.2011 ൽ പുതുക്കി |

നൽകിയിട്ടുണ്ട്. കേരളത്തിന് അനുയോജ്യമായ നവീന സാങ്കേതിക വിദ്യകൾ തെരഞ്ഞെടുക്കാനും അവ ലഭ്യമാക്കാനുമുള്ള ഏജൻസികളെ തെരഞ്ഞെടുത്ത് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമേ നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മാതൃകാ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കാനുള്ള നടപടികളും എടുത്തുവരുന്നു.

| | | | |
|---|---|---|---|
| ബി) | ഇതിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ; | ബി) | ആധുനിക വിദ്യകൾ ഉപയോഗിച്ചുള്ള 3 പ്ളാന്റുകൾ തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് ടെക്നിക്കൽ ആന്റ് ഫൈനാഷ്യൽ ബിഡ് വിളിച്ചു കഴിഞ്ഞു. മാർച്ച് 12 ആണ് അവസാന ദിവസം എറണാകുളത്തും, കോഴിക്കോടും ആധുനിക പ്ളാന്റുകൾ സ്ഥാപിക്കാൻ നടപടി എടുത്തു വരുന്നു. |
| സി) | നഗരങ്ങൾക്കായി മൊബൈൽ ഇൻസിനറേറ്റർ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | സി) | ഖരമാലിന്യ സംസ്കരണത്തിനായി മൊബൈൽ ഇൻസിനറേറ്റർ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സിഡ്കോയെ നോഡൽ ഏജൻസിയായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശുചിത്വ മിഷന്റെ ഫണ്ട് ഉപയോഗിച്ച് കൊണ്ട് മൊബൈൽ ഇൻസിനറേറ്റർ വാങ്ങാൻ ഗ്ലോബൽ ടെന്റർ വിളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ